# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :578 | 10.07.2012-ൽ മറുപടിയ്ക്ക്

### തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണത്തിനുള്ള മാർഗ്ഗ രേഖ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ജമീലാപ്രകാശം:<br>ശ്രീ.സി.കെ.നാണു:<br>ശ്രീ.ജോസ് തെറ്റയിൽ:<br>ശ്രീ.മാത്യൂ റ്റി.തോമസ്: | ഡോ.എം.കെ.മുനീർ<br>(ബഹു:പഞ്ചായത്തുംസാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന സർക്കാർ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലയളവിൽ തദ്ദേശസ്വയം ഭരണ സ്ഥാപന ങ്ങളുടെ പദ്ധതി ആസൂത്രണ ത്തിനായി മാർഗ്ഗരേഖ തയ്യാറാക്കി യിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗ രേഖ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങളും ഇതിന്റെ നടത്തിപ്പിനായി സ്വീകരി ച്ചിട്ടുള്ള നടപടികളും വിശദ മാക്കാമോ? | (ബി) ദീർഘകാല വീക്ഷണത്തോടെ അഞ്ച് വർഷത്തേയ്ക്കുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾ വർഷം തിരിച്ച് മുൻഗണന അനുസരിച്ചും മേഖല തിരിച്ചുംതയ്യാറാക്കേണ്ടതാണ്. ദീർഘ കാല പദ്ധതിയുടെ അടിസ്ഥാനത്തി ലുള്ള വാർഷിക പദ്ധതികൾ ഓരോ രണ്ട് വർഷത്തേക്ക് (ഒന്നും രണ്ടും വർഷങ്ങളിലേയ്ക്കുള്ള പദ്ധതി തരം തിരിച്ച്)പദ്ധതി രൂപീകരണ നടപടി ക്രമങ്ങൾ പാലിച്ച് തയ്യാറാക്കണം. ഭരണസമിതി അംഗീകരിച്ച് പദ്ധതികൾ പഞ്ചായത്തിലെ ബന്ധപ്പെട്ട നിർ വ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് നിയമാനുസൃതം നടപടി ക്രമങ്ങളും പാലിച്ചിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തു കയുംഅദ്ദേഹത്തിന്റെ മേലുദ്യോഗ സ്ഥൻ വിലയിരുത്തി സാങ്കേതിക അനുമതി നൽകുകയും ചെയ്യുന്നു. ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 45%-ൽ അധികരിക്കാത്ത തുകയും, |

മുനിസിപ്പാലിറ്റി, കോർപ്പറേഷൻ 55% -വും ജില്ലാപഞ്ചായത്ത് 50%-വും പശ്ചാത്തല മേഖലയ്ക്ക് നീക്കി വെയ്ക്കാവുന്നതാണ്. വനിതാഘടക പദ്ധതിയ്ക്ക് 10%-വും കുട്ടികൾ, വൃദ്ധർ, ഭിന്ന ശേഷിയുള്ളവർ, മറ്റ് ദുർബല വിഭാഗങ്ങൾ, പാലിയേറ്റീവ് കെയർ എന്നിവർക്ക് വേണ്ടി ചുരുങ്ങിയത് 5%-വും നീക്കി വെയ്ക്കേണ്ടതാണ്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കിലയുടെ നേതൃത്വത്തിൽ മാർഗ്ഗരേഖ പരിചയപ്പെടുത്തുന്നതിനായി പരിശീലന പരിപാടികൾ നടന്നു വരുന്നു. പഞ്ചായത്ത് പ്രസിഡന്റുമാർ, സെക്രട്ടറിമാർ, മറ്റ് അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് മെമ്പർമാർ എന്നിവർക്കാണ് പരിശീലനം നൽകി വരുന്നത്. പരിശീലന പരിപാടികൾ ജൂലൈ അവസാനത്തോടെ പൂർത്തീകരിക്കാനും ഓഗസ്റ്റിൽ പ്രോജക്ടുകൾ തയ്യാറാക്കി സെപ്തംബറിൽ നിർവ്വഹണം തുടങ്ങുമെന്നാണ് കണക്കായിട്ടുള്ളത്.

സെക്ഷൻ ഓഫീസർ